## ഡ്യൂപ്ലിക്കേറ്റ് വകുപ്പുതല പരീക്ഷാ (Departmental Test) സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

വകുപ്പുതല പരീക്ഷയുടെ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു പോകുകയോ, വീണ്ടെടുക്കാനാവാത്തവിധം കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുമ്പോൾ പരീക്ഷാർഥികൾക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ട രീതി സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ➔ യഥാർത്ഥ സർട്ടിഫിക്കറ്റ് വീണ്ടെടുക്കാനാവാത്തവിധം നഷ്ടപ്പെട്ടു എന്ന് അപേക്ഷകൻ രേഖപ്പെടുത്തി, ഫസ്റ്റ് ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ, നിശ്ചിത ഫോമിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- ➔ ഓരോ സർട്ടിഫിക്കറ്റിനും (ഓൺലൈൻ/മാനുവൽ) നിർദ്ദിഷ്ട ഫീസ് ആയ ₹1050/- രൂപ (ആയിരത്തി അൻപത് രൂപ മാത്രം) "0051-PSC- 800-State PSC -99-Other Receipts" എന്ന അക്കൗണ്ട് ഹെഡിൽ ഒടുക്കി, അസ്സൽ ചലാൻ അപേക്ഷയിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
- ➔ അപേക്ഷാ ഫോമിൽ പരീക്ഷയുടെ പേര്, വിജയിച്ച പേപ്പറുകൾ, ടി പേപ്പറുകളുടെ രജിസ്റ്റർ നമ്പർ, അതത് പേപ്പറുകളുടെ പരീക്ഷക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ മാസം,വർഷം, പരീക്ഷ വിജയിച്ച മാസം,വർഷം, യഥാർത്ഥ സർട്ടിഫിക്കറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
- ➔ അസ്സൽ അഡ്മിഷൻ ടിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. (2011 ജനുവരി മുതൽ ഓൺലൈൻ പ്രൊഫൈൽ വഴി പരീക്ഷകൾക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് ഇത് ബാധകമല്ല ).
- ➔ അഡ്മിഷൻ ടിക്കറ്റുകൾ നഷ്ടപ്പെട്ടെങ്കിൽ, ഓരോ അഡ്മിഷൻ ടിക്കറ്റിനും ₹315/- രൂപ (മുന്നൂറ്റി പതിനഞ്ചു രൂപ മാത്രം) 0051-PSC-105-State PSC-99-Examination Fee എന്ന അക്കൗണ്ട് ഹെഡിൽ ഒടുക്കി, അസ്സൽ ചലാൻ സഹിതം ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ നിശ്ചിത ഫോമിലുള്ള (Annexure II) Affidavit സമർപ്പിക്കേണ്ടതാണ്.
- ➔ 2000-ന് മുമ്പുള്ള അഡ്മിഷൻ ടിക്കറ്റാണ് നഷ്ടപ്പെട്ടതെങ്കിൽ, അപേക്ഷകൻ യഥാർത്ഥ അഡ്മിഷൻ ടിക്കറ്റ് വീണ്ടെടുക്കാനാവാത്തവിധം നഷ്ടപ്പെട്ടു എന്ന് വ്യക്തമായി രേഖപ്പെടുത്തി ഒപ്പിട്ട ശേഷം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ (ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ പേര് വ്യക്തമാക്കണം) പ്രസ്താവന കൂടി അഫിഡവിറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ➔ സർവീസ് ബുക്കിന്റെ ഒന്നാം പേജിന്റെയും, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിവരങ്ങൾ രേഖപ്പെടുത്തിയ പേജിന്റെയും, HOD/ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. (സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പേര്, ഡെസിഗ്നേഷൻ, ഓഫീസ് സീൽ എന്നിവ ഉണ്ടായിരിക്കണം)
- ➔ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായുള്ള അപേക്ഷാ ഫോം, ഹാൾ ടിക്കറ്റ് നഷ്ടപെട്ടിട്ടുള്ളവർക്കായുള്ള അഫിഡവിറ്റിന്റെ മാതൃക (Annexure II)എന്നിവ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.keralapsc.gov.in ൽ Departmental Exam Login എന്ന ലിങ്കിലെ, വകുപ്പുതല പരീക്ഷാ റിസൾട്ട് വിജ്ഞാപനത്തിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

➔ മേൽ നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ "ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം, 695 004" എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.